---

**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത**
**ചോദ്യം നം: T-1500** — **03.10.2011-ൽ മറുപടിയ്ക്ക്**

## ക്രമവിരുദ്ധമായി ഈട് ആവശ്യപ്പെടുന്ന ബാങ്കുകൾ

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| ശ്രീ. കെ. ദാസൻ | | ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) | |
| എ) | വിദ്യാഭ്യാസ വായ്പയ്ക്കായുള്ള അപേക്ഷകളിൽ സർക്കാർ നയത്തിന് വിരുദ്ധമായി പല ബാങ്കുകളിലും ഈടുകൾ ആവശ്യപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) | ഉണ്ട് |
| ബി) | വിദ്യാഭ്യാസ വായ്പ നൽകുന്നതിന് നിലവിലുള്ള മാനദണ്ഡമെന്തെന്ന് വ്യക്തമാക്കാമോ ? | ബി) | ഇന്ത്യൻ ബാങ്ക്സ് അസ്സോസ്സിയേഷൻ വിഭാവനം ചെയ്തിട്ടുള്ള വിദ്യാഭ്യാസ വായ്പയെക്കുറിച്ചുള്ള പൊതു മാർഗ്ഗനിർദ്ദേശങ്ങൾ താഴെ പറയുന്നവയാണ്:<br><br>(1) മെറിറ്റ്/പൊതു പ്രവേശന പരീക്ഷയുടെ അടിസ്ഥാനത്തിൽ അർഹത നേടിയിട്ടുള്ള വിദ്യാർത്ഥികളുടെ തുടർ വിദ്യാഭ്യാസത്തിനാണ് വിദ്യാഭ്യാസ വായ്പ ലഭിക്കുന്നത്.<br><br>(2) സർക്കാർ അംഗീകാരമുള്ള സാങ്കേതിക/പ്രൊഫഷണൽ/ഇതര കോഴ്സുകൾക്ക് മാത്രമേ വായ്പ ലഭ്യമാകൂ. |

(3) വിദൂരവിദ്യാഭ്യാസം ക്യാമ്പസ്സേതര വിദ്യാഭ്യാസം തുടങ്ങിയവയ്ക്ക് വിദ്യാഭ്യാസ വായ്പ ലഭ്യമല്ല.

(4) വിദ്യാഭ്യാസ വായ്പകൾ ബാങ്ക് ശാഖയുടെ അനുവദിച്ചിട്ടുള്ള സേവനമേഖലകൾക്ക് അനുസൃതമായിട്ടായിരിക്കും ലഭിക്കുക.

(5) ട്യൂഷൻഫീസ്, ഭക്ഷണച്ചിലവ് അടക്കമുള്ള ഹോസ്റ്റൽ ഫീസ്, പഠനോപകരണങ്ങൾ, പുസ്തകങ്ങൾ തുടങ്ങിയവയ്ക്കുള്ള ചിലവ് വായ്പയ്ക്ക് പരിഗണിക്കും.

(6) ഓരോ കോഴ്സിനും പരമാവധി ലഭ്യമാകുന്ന തുക, പലിശ തുടങ്ങിയവ അതാത് ബാങ്കിന്റെ നിയമ വ്യവസ്ഥകൾക്ക് വിധേയമായിരിക്കും.

(7) 4 ലക്ഷം വരെയുള്ള വായ്പകൾക്ക് പ്രത്യകിച്ച് ഈട് നൽകേണ്ടതില്ല. അതിനു മുകളിൽ 7.5 ലക്ഷം രൂപ വരെയുള്ള വായ്പകൾക്ക് ആൾ ജാമ്യം/ തക്കതായ ഈട് നൽകേണ്ടതാണ്.

(8) 7.5 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പയ്ക്ക് ഈടും ആൾ ജാമ്യവും നൽകേണ്ടതാണ്.

(9) രാജ്യത്തിനകത്തുള്ള പഠനത്തിന് പരമാവധി 10 ലക്ഷം രൂപ വരെയും വിദേശത്ത് പഠിക്കുന്നതിന് 20 ലക്ഷം രൂപ വരെയും വായ്പ ലഭിക്കുന്നു.

(10) 4.5 ലക്ഷം വരെ വാർഷിക കുടുംബ വരുമാനമുള്ള വിദ്യാർത്ഥികൾക്ക് (വില്ലേജ് ആഫീസർ സർട്ടിഫിക്കറ്റ് പ്രകാരം) +2 കഴിഞ്ഞുള്ള പ്രൊഫഷണൽ/ സാങ്കേതിക വിദ്യാഭ്യാസത്തിന് 01.04.2009 നു ശേഷം വിതരണം

ചെയ്ത തുകയ്ക്ക്, തിരിച്ചടവ് ആരംഭിക്കുന്നത് വരെയുള്ള പലിശ വ്യവസ്ഥകൾക്ക് വിധേയമായി കേന്ദ്ര സർക്കാർ സബ്സിഡിയായി നൽകി വരുന്നു.

(11) പഠനകാലയളവ് അവസാനിച്ച് ഒരു വർഷത്തിനുശേഷം അല്ലെങ്കിൽ ജോലി കിട്ടി ആറു മാസത്തിനു ശേഷം, ഏതാണോ ആദ്യം വരുന്നത് അന്നു മുതൽ വായ്പാ തിരിച്ചടവ് തുടങ്ങേണ്ടതാണ്.

(12) തിരിച്ചടവിനായി 7 വർഷം വരെ കാലാവധി ലഭിയ്ക്കുന്നതാണ്.

(13) വിദ്യാഭ്യാസ വായ്പ സംബന്ധിച്ച പരാതികൾ അതാതു ജില്ലയിലെ ലീഡ് ബാങ്ക് മാനേജർക്ക് നൽകാവുന്നതാണ്.

സെക്ഷൻ ഓഫീസർ